LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) സ്വകാര്യ ബസ്സുകൾ മാത്രം സർവ്വീസ് നടത്തുന്ന റൂട്ടാണിത്. ഒറ്റപ്പെട്ട സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിയാൽ ലാഭകരമാവുകയില്ല. ഒരു സർവ്വീസ് നടത്തിയിരുന്നത് ലാഭകരമല്ലാത്തതിനാൽ നിർത്തുകയാണ് ഉണ്ടായത്. ചെയിൻ സർവ്വീസായി ആരംഭിച്ചാൽ മാത്രമേ ലാഭകരമായി ഈ റൂട്ടിൽ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ ഇത് പരിഗണിക്കുവാൻ കഴിയില്ല.

ഗുരുവായൂരിൽ നിന്നും പമ്പയിലേക്ക് കൂടുതൽ കെ. എസ്. ആർ. ടി. സി ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി

177 (774) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല അയ്യപ്പഭക്തന്മാരുടെ സൗകര്യാർത്ഥം ഗുരുവായൂർ കെ. എസ്. ആർ. ടി. സി സ്റ്റേഷനിൽ നിന്നും എത്ര ബസ്സുകൾ പമ്പയിലേക്ക് സ്പെഷ്യൽ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) വർദ്ധിച്ച തിരക്കു കണക്കിലെടുത്ത് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അയ്യപ്പഭക്തന്മാരുടെ സൗകര്യാർത്ഥം ഗുരുവായൂർ ഡിപ്പോയിൽ നിന്നും രാത്രി 7.00 മണിക്ക് ദിവസവും ഒരു സർവ്വീസ് പമ്പയിലേയ്ക്ക് നടത്തുന്നുണ്ട്. ഈ സർവ്വീസിന് ഓൺലൈൻ ഉൾപ്പെടെയുള്ള റിസർവ്വേഷൻ സൗകര്യം ലഭ്യമാക്കിയിട്ടും മതിയായ യാത്രക്കാരെ കിട്ടുന്നില്ല. പുറമേ രാത്രി 10.00 മണിക്ക് ഒരു സർവ്വീസ് കൂടി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീർത്ഥാടകരെ കിട്ടാത്തതിനാൽ ഈ സർവ്വീസ് നടത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും തിരക്ക് വർദ്ധിച്ചാൽ ആവശ്യമായ സർവ്വീസുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കെ.എസ്.ആർ.ടി.സി. ഗുരുവായൂർ ഡിപ്പോയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

മാള ഡിപ്പോയിൽ നിന്നുമുള്ള ഷെഡ്യൂളുകൾ

178 (775) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ. എസ്. ആർ. ടി. സി-യുടെ മാള ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നുവെന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഈ ഡിപ്പോയിൽ ഇപ്പോൾ നിലവിലുള്ള ബസ്സുകളിൽ പലതും കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിച്ച് ഓടിക്കാൻ കഴിയാത്തതുമൂലം നിലവിലുള്ള ഷെഡ്യൂളുകൾ കൃത്യമായി നടത്തുവാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) മാള ഡിപ്പോയിൽ കണ്ടക്ടർമാരുടേയും ഡ്രൈവർമാരുടേയും കുറവുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജീവനക്കാരുടെ കുറവ് നികത്തി ഷെഡ്യൂളുകൾ സുഗമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മാളയിൽ നിന്നും 34 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. ഇപ്പോൾ 52 എണ്ണം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) മാള ഡിപ്പോയിൽ 52 ഷെഡ്യൂളുകൾ നടത്തുവാൻ 58 ബസുകളനുവദിച്ചിട്ടുണ്ട്. ഇവയിൽ 13 വർഷം പഴക്കമുള്ള 4 ബസുകൾ മാത്രമാണുള്ളത്. 21 ബസുകൾ പുതുതായി അനുവദിച്ചവയാണ്. പഴയ ബസുകൾ സ്ക്രാപ്പ് ചെയ്യുന്ന മുറയ്ക്ക് സ്പെയർ ബസുൾപ്പെടെ പുതിയവ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(സി) ഉണ്ട്. 9 ഡ്രൈവർമാരുടെയും 12 കണ്ടക്ടർമാരുടെയും കുറവ് നിലവിലുണ്ട്. ഡ്രൈവർമാരുടെ കുറവ് പരിഹരിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള കണ്ടക്ടർ നിയമനം പുരോഗമിക്കുകയാണ്. പി.എസ്.സി. ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാള ഡിപ്പോയിലേക്ക് ആവശ്യമായ കണ്ടക്ടർമാരെ നൽകുന്നതാണ്.

വടകര കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

179 (776) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ഇന്നത്തെ അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബസ്സുകൾ വടകരയിലേക്ക് അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സാമ്പത്തിക വർഷം കാലാവധി കഴിഞ്ഞ എത്ര ബസ്സുകൾ ഒഴിവാക്കിയെന്നും അവയ്ക്ക് പകരം എത്ര ബസ്സുകൾ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly